Page 1 of 1

(ബി) പ്രസ്തുത പാത മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽക്കൂടി എത്ര കിലോമീറ്ററാണ് കടന്നുപോകുന്നതെന്നും പാത ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നതെന്നും ഇതിനായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കോഴിക്കോട്-പാലക്കാട് നാലുവരി ഗ്രീൻഫീൽഡ് പാത മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മണ്ണാർക്കാട് -I, മണ്ണാർക്കാട് -II, കുമാരംപുത്തൂർ, പയ്യനാടം, കൊട്ടോപാടം-I, കൊട്ടോപാടം-II, കൊട്ടോപാടം-III, അളനല്ലൂർ-I, അളനല്ലൂർ-II, അളനല്ലൂർ-III എന്നീ വില്ലേജുകളിലൂടെ ഏകദേശം 23.24 കിലോമീറ്റർ ദൂരം കടന്നുപോകുന്നു. ഓരോ വില്ലേജിലും എത്ര സ്ഥലം ഏറ്റെടുക്കേണ്ടിവരുമെന്നതിന്റെ വിശദാംശം വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) തയ്യാറാക്കി 3(എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നമുറയ്ക്ക് മാത്രമേ ലഭ്യമാകൂ.

സംസ്ഥാന ബജറ്റിൽ അനുവദിച്ചിട്ടുള്ള നിള ഹോസ്പിറ്റൽ ഐ. പി. ടി. റോഡ് സ്റ്റാറ്റസ്

44 (793) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചതും കിഫ്ബിവഴി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ നിള ഹോസ്പിറ്റൽ ഐ.പി.ടി. റോഡ് പുനർനിർമ്മാണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായോ; ഇല്ലെങ്കിൽ അതിനുള്ള കാരണം അറിയിക്കാമോ;

(ബി) പ്രസ്തുത റോഡ് ഭാഗികമായി തകർന്നിട്ടുള്ള അവസ്ഥയിൽ എത്രയും പെട്ടെന്നുതന്നെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) പട്ടാമ്പി മണ്ഡലത്തിലെ നിള ഹോസ്പിറ്റൽ - ഷൊർണ്ണൂർ ഐ.പി.ടി. റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയുടെ ഡി.പി.ആർ. കിഫ്ബിയിൽ അനുമതിക്കായി സമർപ്പിച്ചു. കിഫ്ബിയിൽനിന്ന് നിർദ്ദേശിച്ചിട്ടുള്ള ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് പ്രകാരമുള്ള വ്യതിയാനങ്ങൾ വരുത്തി വീണ്ടും കിഫ്ബിയിൽ സമർപ്പിക്കുന്നതും കിഫ്ബിയിൽനിന്നും അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യാനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly